ഉത്തരം

(എ, ബി) കുത്തകപ്പാട്ട ചട്ടങ്ങൾ ഇപ്പോൾ നിലവിലില്ല. കേരള ഭൂമിപതിവ് ചട്ടങ്ങൾ പ്രകാരം പാട്ടത്തിന് നൽകുന്ന ഭൂമിയുടെ പാട്ട നിരക്ക് കാലാകാലങ്ങളിൽ അന്നത്തെ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി പരിഷ്ക്കരിക്കാറുണ്ട്.

റവന്യൂ വകുപ്പ് പുറപ്പെടുവിച്ച റൂൾസ് പ്രകാരം പാവപ്പെട്ടവർക്ക് പട്ടയം ലഭിക്കുന്നതിനുള്ള പ്രയാസങ്ങൾ ഒഴിവാക്കാൻ

നടപടി

18 [1574] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാൻറ് അസൈൻമെൻറ് ആക്ടിൻെറ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പു പുറപ്പെടുവിച്ച റൂൾസ് പ്രകാരം മുൻസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ ഉള്ളവർക്ക് പട്ടയം നൽകുമ്പോൾ ഭൂമിയുടെ മാർക്കറ്റ് വില നൽകണമെന്നുള്ള നിബന്ധന മൂലം, പാവപ്പെട്ടവർക്ക് പട്ടയം ലഭിക്കുന്നതിനുള്ള പ്രയാസങ്ങൾ സർക്കാരിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത റൂൾ ഭേദഗതി ചെയ്ത് മേൽപ്പറഞ്ഞ നിബന്ധന ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം പരിശോധിച്ചു വരുന്നു.

കൊടുങ്ങല്ലൂരിൽ ആർ. ഡി. ഒ. ഓഫീസ് സ്ഥാപിക്കുവാൻ

നടപടി

19 [1577] പ്രൊഫസർ മീനാക്ഷി തമ്പാൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊടുങ്ങല്ലൂർ ആർ. ഡി. ഒ. ഓഫീസ് സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

സംസ്ഥാനത്തെ വില്ലേജുകൾ, താലൂക്കുകൾ, റവന്യൂ ഡിവിഷനുകൾ എന്നിവയുടെ പുനഃസംഘടനയെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് നിയോഗിച്ചിരിക്കുന്ന കമ്മീഷൻെറ റിപ്പോർട്ട് ലഭിച്ച ശേഷം ഇക്കാര്യത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly